എം.ഇസഡ് 193/2024-പി                                    തീയതി :20-07-2024

## ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം മ്യൂസിയം മൃഗശാലയിലെ ശ്രീ ചിത്ര എൻക്ലേവിനു സമീപത്തായി നിൽക്കുന്ന വലിയ ആഞ്ഞിലിമരം ഗാർഡൻ ഓഫീസിനു സമീപം നിൽക്കുന്ന ടീ റോസ് പെർമം മരം എന്നിവ മുറിച്ചു മാറ്റുന്നതിനും, സബ് സ്റ്റേഷന് സമീപത്തായി നിൽക്കുന്ന ആൽമരത്തിന്റെ ശിഖരങ്ങൾ എന്നിവ മുറിച്ചു മാറ്റുന്നതിനും, മുറിച്ച തടിക്കഷണങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലത്തു അടുക്കി വയ്ക്കുന്നതിനുമായി പരിചയ സമ്പന്നരായ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് പുറത്തു ആഞ്ഞിലിമരം, ടീ റോസ് പെർമം മരം മുറിക്കുന്നതിനും, ആഞ്ഞിലി മരത്തിന്റെ ശിഖരങ്ങൾ മുറിക്കുന്നതിനുമായുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തി 1.8.24 തീയതി ഉച്ചക്ക് ശേഷം 3 മണിക്ക് മുൻപായി മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫിസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ ആ ദിവസം 3.30 മണിക്ക് അവ സമർപ്പിച്ചവരുടെയോ, അവർ രേഖാമൂലം ചുമതലപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ വ്യക്തി/ സ്ഥാപനത്തിന് ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതാണ്. ക്വട്ടേഷൻ തുറക്കുന്ന ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത ദിവസം തുറക്കുന്നതാണ്.

ക്വട്ടേഷനോടൊപ്പം ഒരു തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കുന്നതാണ്. ക്വട്ടേഷനുകൾ കാരണം കൂടാതെ നിരസിക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ ഓഫീസിൽ പ്രവർത്തി ദിവസങ്ങളിൽ ഗാർഡൻ സൂപ്രണ്ട് ഇൻ ചാർജ്ജുമായി ബന്ധപ്പെടേണ്ടതാണ്.

ഡയറക്ടർ ഇൻ ചാർജ്ജ്
Signed by
Manjuladevi P S
Date: 20-07-2024 18:10:45

നോട്ടീസ് ബോർഡ്